"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25-02-2020-ലെ തീരുമാനങ്ങൾ - കുട്ടികളുടെ ആശുപത്രിയിൽ മിയാമി പാർക്ക് സ്ഥാപിക്കുന്നതിനുള്ള എറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.1055/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 04/06/2020

---

പരാമർശം:- 1 കോട്ടയം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 30.01.2020-ലെ കത്ത്

2 25.02.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.83-ാം നമ്പർ തീരുമാനം

**ഉത്തരവ്**

കോട്ടയം ഗവ.മെഡിക്കൽ കോളേജിന് കീഴിലുള്ള കുട്ടികളുടെ ആശുപത്രിയിൽ ഓട്ടിസം ബാധിച്ച കുട്ടികളുടെ പരിപാലനത്തിനായി ഓട്ടിസം സെന്റർ പ്രവർത്തിച്ച് വരുന്നുണ്ട്. ഈ സെന്ററിന്റെ ഭാഗമായി കുട്ടികൾക്ക് പ്രകൃതിയുടെ വിവിധ ഭാവങ്ങൾ അനുഭവവേദ്യമാക്കുന്നതിന് സഹായകമായ രീതിയിൽ ഒരു മിയാമി പാർക്ക് സ്ഥാപിക്കുന്നതിനുള്ള ആശുപത്രി സൂപ്രണ്ടിന്റെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഒരു പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ട്. പ്ലാൻ ഫണ്ട് തുക 6 ലക്ഷം രൂപ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് 6 ലക്ഷം രൂപ, ഓൺ ഫണ്ട് തുക 2 ലക്ഷം രൂപ എന്നിങ്ങനെ ആകെ 14 ലക്ഷം രൂപയുടേതാണ് പദ്ധതി. പദ്ധതിയ്ക്ക് ജില്ലാ അസൂത്രണ സമിതി അംഗീകാരം നൽകിയിട്ടുണ്ടെങ്കിലും കുട്ടികളുടെ ആശുപത്രി ഏറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനമല്ലാത്തതിനാൽ മേല്പറഞ്ഞ പ്രോജക്ട് നടപ്പിലാക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യം 25.02.2020-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ സമിതി പരിഗണിക്കുകയും പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ, കോട്ടയം ഗവ.മെഡിക്കൽ കോളേജിന് കീഴിലുള്ള കുട്ടികളുടെ ആശുപത്രിയിൽ ഓട്ടിസം ബാധിച്ച കുട്ടികൾക്കായി മിയാമി പാർക്ക് സ്ഥാപിക്കുന്നതിന് എറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയ്ക്ക് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

HARILAL.T.N.

അണ്ടർ സെക്രട്ടറി

പകർപ്പ്:പ്രസിഡണ്ട്/സെക്രട്ടറി, എറ്റുമാനൂർ ബ്ലോക്ക് പഞ്ചായത്ത്,കോട്ടയം

ജില്ലാ പ്ലാനിംഗ് ഓഫീസർ, കോട്ടയം.

ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം

ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

വെബ്&ന്യൂ മീഡിയ (ഐ&പിആർഡി)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

ത.സ്വ.ഭ.(ഡി.എ) വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020.[illegible] 11:01:29 IST
Reason: Approved

സെക്ഷൻ ഓഫീസർ